ഭവന നിർമ്മാണം

90. സംസ്ഥാന നിർമ്മിതികേന്ദ്രം, വികസന സഹകരണങ്ങൾക്കായുള്ള സ്വിസ് ഏജൻസി എന്നിവയുടെ സംയുക്ത സംരംഭമായ ഗ്രാമീണ ഭവന പദ്ധതി 27 ഗ്രാമപഞ്ചായത്തുകളിൽക്കൂടി വ്യാപിപ്പിക്കും.

91. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനരഹിതർക്ക് സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച രണ്ട് സുപ്രധാന പദ്ധതികളാണ് 'സുരക്ഷാ' ഭവനപദ്ധതിയും 'കാരുണ്യ' ഭവനപദ്ധതിയും. പലകാരണങ്ങളാൽ ഈ പദ്ധതികൾ ഇനിയും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണവകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് എന്നീ വകുപ്പുകളുടെയും വിവിധ സന്നദ്ധ സാമൂദായിക സംഘടനകളുടെയും പങ്കാളിത്തത്തോടെ ഈ വർഷം തന്നെ ഈ രണ്ടു പദ്ധതികളും ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്നതാണ്.

വ്യവസായം

വ്യവസായ വാണിജ്യ വകുപ്പ്

92. ചെറുകിട വ്യവസായ യൂണിറ്റുകളുടെ അഭിവൃദ്ധിക്ക് അടിസ്ഥാനസൗകര്യ വികസനം അത്യന്താപേക്ഷിതമാണ്. വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനും ഇത്തരം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനും, നിലവിലുള്ളതും പുതുതായി തുടങ്ങുന്നതുമായ ഡെവലപ്മെന്റ് ഏരിയാകൾക്ക് പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് 2005-06-ൽ മുൻഗണന നൽകുന്നത്. ഇതിനുമാത്രമായി ഞാൻ ബജറ്റിൽ 90 ലക്ഷം രൂപ വകയിരുത്തുന്നു.

93. വ്യവസായ ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും ഇൻഫർമേഷൻ മാനേജ്മെന്റ് സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ചെറുകിടവ്യവസായ സംരംഭകർക്ക് അവാർഡുകൾ നൽകുന്നതിനും ഐ.എസ്.ഒ. സർട്ടിഫിക്കേഷന് ധനസഹായം നൽകുന്നതിനുമായി ഞാൻ ബജറ്റിൽ 120 ലക്ഷം രൂപ വകയിരുത്തുന്നു.

94. സമ്പദ്വ്യവസ്ഥ ചലനാത്മകമാക്കുന്നതിനും വ്യാവസായിക വളർച്ച സാധ്യമാക്കുന്നതിനും വേണ്ടി വ്യവസായമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനത്തെമ്പാടുമുള്ള ദുർബ്ബല പീഡിത വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിച്ച് ശക്തിപ്പെടുത്താനുള്ള ഒരു പൈലറ്റ് പ്രോഗ്രാം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഫലമായി 40,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly